LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ

267(877) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഇറിഗേഷൻ വകുപ്പ്, വ്യവസായ വകുപ്പ് തുടങ്ങി ഏതൊക്കെ വകുപ്പുകളുടെ അധീനതയിൽ നിലവിൽ എത്ര അളവ് ഭൂമിയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*. ഓരോ പഞ്ചായത്തിലും ഓരോ വകുപ്പിന്റെയും കൈവശമുള്ള ഭൂമിയുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത ഭൂമികൾ ഓരോന്നും നിലവിൽ ഏതൊക്കെ ആവശ്യത്തിനായി ഉപയോഗിക്കുന്നതാണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത ഭൂമി അതത് വകുപ്പുകളുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു വരുന്നു.

വിവരാവകാശ അപേക്ഷകൾ

268 (878) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവരാവകാശ അപേക്ഷകളിന്മേൽ മറുപടി പരമാവധി വൈകിപ്പിച്ചുമാത്രം നൽകിയാൽ മതിയെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഇല്ല.

(ബി) മുട്ടിൽ മരംമുറി സംബന്ധിച്ച വിവരാവകാശ അപേക്ഷയിൽ സമയ ബന്ധിതമായി മറുപടി നൽകിയതിന്റെ പേരിൽ റവന്യൂ വകുപ്പിലെ അണ്ടർ സെക്രട്ടറിയോട് നിർബന്ധിത അവധിയിൽ പ്രവേശിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശം നൽകിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരാതികളൊന്നും ലഭിച്ചിട്ടില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വൈബ്സൈറ്റിൽ ലഭ്യമാണ്.